# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4940 : 21/10/2011 -ൽ മറുപടിക്ക്

## സംസ്ഥാനത്ത് സൂക്ഷ്മം, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നടപ്പാക്കാനാവശ്യമായ ധനസഹായം

ചോദ്യം

ഉത്തരം

ശ്രീ. വി. ശശി :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ (എം. എസ്. എം. ഇ) ആരംഭിക്കുന്നതിനുള്ള നയങ്ങളും അതനുസരിച്ചുള്ള പരിപാടികളും നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണ്; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.<br>2. ഉൽപാദന സംരംഭങ്ങൾക്ക് വിത്ത് മൂലധന വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു.<br>3. ഉൽപാദന സംരംഭങ്ങൾക്ക് സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു.<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നൽകുന്നു.<br>5. ഏകജാലക സംവിധാനങ്ങളിലൂടെ |

| | | | |
|---|---|---|---|
| | | | 6. വ്യവസായ സംരംഭകർക്ക്പരിശീലനവും ബോധവൽക്കരണ സെമിനാറുകളും നടത്തുന്നു.<br>7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.<br>8. വ്യവസായ സംരംഭകർ ക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു.<br>9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>11. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ക്കുളള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജന പ്പെടുത്തുന്നു.<br>17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടത്തുന്നു. |
| (ബി) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നടപ്പാക്കാനാവശ്യമായ ധനസഹായം ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് ലഭ്യമാക്കി കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സിഡ്ബി, കെ. എഫ്.സി, പൊതുമേഖലാ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ, എൻ.എസ്.ഐ.സി. തുടങ്ങിയവയിൽ നിന്നും ധനസഹായം ലഭ്യമാക്കി കൊടുക്കുന്നുണ്ട്. |
| (സി) | ഇത്തരം പദ്ധതികൾ നടപ്പാക്കാനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാൻ സംസ്ഥാന ജില്ലാ തലത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം എന്താണ് ; | (സി) | സംസ്ഥാനത്തെ എല്ലാ ബ്ളോക്ക് തലത്തിലും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലും വ്യവസായ വികസന ഓഫീസർമാർ/താലൂക്ക് തലത്തിൽ താലൂക്ക് വ്യവസായ ഓഫീസർമാർ (താലൂക്ക് വ്യവസായ ഓഫീസുകൾ), ജില്ലാ തലത്തിൽ ജനറൽ മാനേജരുടെ മേൽ നോട്ടത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, സംസ്ഥാനതലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥ/ഓഫീസ് സംവിധാനങ്ങൾ. |
| ഡി. | ഉണ്ടെങ്കിൽ അതിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കാമോ? | ഡി. | വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലാണ് മേൽ പറഞ്ഞ സംവിധാനങ്ങൾ എല്ലാം തന്നെയും പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ